ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE: 03.11.2026**

പ്രധാനവാർത്തകൾ

1.) പൊതുപണത്തിൻറെ സംരക്ഷകരെന്ന നിലയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ പങ്ക് കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പി.എ.സി അധ്യക്ഷരുടെ സമ്മേളനത്തിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമായി.

2) ഉസ്ബെക്കിസ്ഥാനിലേക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി പോകുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ ചൂഷണത്തിന് ഇരയാകില്ലെന്ന് ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം.

3) ആഭ്യന്തരമന്ത്രിക്ക് നേരിട്ട് ലഭിക്കുന്ന പരാതികളിൽ വേഗത്തിൽ നടപടിയെടുക്കുന്നതിനുള്ള ഡിജിറ്റൽ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി.

4) ജവഹർലാൽ നെഹ്റു സെൻറർ ഫോർ സയൻറിഫിക് ടെമ്പറിൻറെ ആദ്യ ഉപകേന്ദ്രം മുഖ്യമന്ത്രി വി.ഡി. സതീശൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

5) മുറസു ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ ശക്തികുറഞ്ഞ് അതിതീവ്ര ന്യൂനമർദ്ദമായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

RNU TVPM

6) ഇന്ത്യ-ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഓക്‌ലൻഡിൽ നാളെ തുടക്കം.

****

പി.എ.സി കേരള (ഇൻട്രോ)

പൊതുപണത്തിൻറെ സംരക്ഷകരെന്ന നിലയിൽ പാർലമെൻറിലെയും നിയമസഭകളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ പങ്ക് കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള . പൊതുഖജനാവിൽ നിന്ന് ചെലവഴിക്കുന്ന ഓരോ രൂപയ്ക്കും കൃത്യമായ കണക്കുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രി വി.ഡി. സതീശൻ, രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ്, പാർലമെൻറ് പി.എ.സി ചെയർമാൻ കെ.സി. വേണുഗോപാൽ,നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കേരള നിയമസഭാ പി.എ.സി അധ്യക്ഷൻ കെ.എൻ. ബാലഗോപാൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കോൺഫറൻസ് സുവനീറിൻറെ പ്രകാശനവും ചടങ്ങിൽ നടന്നു. രണ്ട് ദിവസങ്ങളിലായി നിയമസഭയുടെ അസംബ്ലി ഹാളിൽ നടക്കുന്ന കോൺഫറൻസിൽ 26 സംസ്ഥാനങ്ങളിൽ നിന്നുള്ള 260 ലേറെ അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്. സമ്മേളനത്തിന് നാളെ സമാപനമാവും..

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....

(ഹോൾഡ്)

****

വിദേശകാര്യ മന്ത്രാലയം

ഉസ്ബെക്കിസ്ഥാനിലേക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി പോകുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ ചൂഷണത്തിന് ഇരയാകില്ലെന്ന് ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ

RNJ TVPM

പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യൻ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഉസ്ബെക്കിസ്ഥാനുമായി ഇന്ത്യ ചർച്ചകൾ നടത്തിവരികയാണെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷത്തിൽ 15 നാവികർ ഉൾപ്പെടെ 23 ഇന്ത്യക്കാർക്കാണ് ഇതിനകം ജീവൻ നഷ്ടമായതെന്നും അദ്ദേഹം പറഞ്ഞു. ഒമാൻ തീരത്തിന് സമീപം ചരക്ക് കപ്പൽ MSV അൽ ജുസുഫിയ്ക്ക് നേരെയുണ്ടായ ആക്രമണത്തെയും വിദേശകാര്യമന്ത്രാലയം അപലപിച്ചു. ഇന്നലെ വൈകുന്നേരമുണ്ടായ അക്രമണത്തിൽ ഒരു ഇന്ത്യൻ നാവികൻ കൊല്ലപ്പെട്ടിരുന്നു. കപ്പലിലെ ഇന്ത്യക്കാരായ മറ്റ് 13 നാവികർ സുരക്ഷിതരാണെന്ന് മന്ത്രാലയം വ്യക്തമാക്കി

****

ഗവർണർ - രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമുവുമായി കൂടിക്കാഴ്ച നടത്തികേരള ഗവർണർ ഓം പ്രകാശ് മാഥൂർ. രാഷ്ട്രപതി ഭവനിലായിരുന്നു സന്ദർശനം. കേരളത്തിന്റെ സമഗ്ര വികസനവും ജനക്ഷേമവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ചയായി.

RNI TVPM

****

ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല

ആഭ്യന്തരമന്ത്രിക്ക് നേരിട്ട് ലഭിക്കുന്ന പരാതികളിൽ വേഗത്തിൽ നടപടിയെടുക്കുന്നതിനും, സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരങ്ങൾ തത്സമയം ലഭ്യമാക്കുന്നതിനുമായി രണ്ടു ഡിജിറ്റൽ പദ്ധതികൾക്ക് ഇന്ന് തുടക്കമായി. HM Acts, ഹോംസ് പദ്ധതികൾ തിരുവനന്തപുരം പൊലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. പരാതികൾ സമയബന്ധിതമായി പരിഹരിച്ച് ജനങ്ങൾക്ക് വേഗത്തിൽ നീതി ഉറപ്പാക്കുന്നതിനും പൊലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ് പദ്ധതികൾ. 24 മണിക്കൂറും പൊലീസിന്റെ സേവനം ഉറപ്പാക്കുന്നതിനും പദ്ധതി സഹായകമാകും.

****

സയന്റിഫിക് ടെമ്പർ (ഇൻട്രോ)

ജവഹർലാൽ നെഹ്റു സെൻറർ ഫോർ സയൻറിഫിക് ടെമ്പർ'ൻറെ ആദ്യ ഉപകേന്ദ്രം നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവന ന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

****

പ്രതിപക്ഷ നേതാവ്

സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയുടെ മറവിൽ വൻ അഴിമതി നടത്താനുള്ള സർക്കാരിൻറെ നീക്കം സംബന്ധിച്ച വാർത്തകൾ അതീവ ഗുരുതരമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കൃത്യമായ ഇടപെടലുകളിലൂടെയും കാര്യക്ഷമമായ മാനേജ്മെൻറിലൂടെയും പ്രതിസന്ധി പരിഹരിക്കുന്നതിനു പകരം, യാതൊരു നീതീകരണവുമില്ലാത്ത കരാറുകളിൽ ഏർപ്പെട്ട് സംസ്ഥാന ഖജനാവ് കൊള്ളയടിക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു. പൊതുപണം കൊള്ളയടിക്കാനുള്ള ഈ നീക്കങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും സർക്കാർ അടിയന്തരമായി പുറത്തുവിടണമെന്നും ശ്രീ പിണറായി വിജയൻ ആവശ്യപ്പെട്ടു.

RNU TVPM

****

സംസ്കൃത സർവകലാശാല -ഹൈക്കോടതി

കാലടി സംസ്കൃത സർവകലാശാലയിൽ സസ്പെൻഷനിലായ വിദ്യാർഥികൾക്ക് പരീക്ഷയെഴുതാൻ അനുമതി നൽകികൊണ്ടുള്ള സിംഗിൾ ബഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കി. ഇതോടെ പത്തു വിദ്യാർഥികൾക്ക് നാളെ ആരംഭിക്കുന്ന പരീക്ഷ എഴുതാനാവില്ല. പരീക്ഷാഫീസ് സ്വീകരിച്ച് പരീക്ഷയെഴുതാൻ അനുവദിക്കണമെന്ന സിംഗിൾ ബെഞ്ച് നിർദേശത്തിനെതിരെ വൈസ് ചാൻസലർ നൽകിയ അപ്പീലിലാണ് ഡിവിഷൻ ബെഞ്ച് ഉത്തരവ്.

****

ദീപാവലി ട്രെയിൻ

ദീപാവലി പ്രമാണിച്ച് കൂടുതൽ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ദക്ഷിണ റെയിൽവേ. തിരുവനന്തപുരത്തു നിന്നും ചെന്നൈയിലേക്കും, ബംഗളുരുവിലേക്കും തിരിച്ചും ഉൾപ്പെടെ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തും.

****

സൈക്ലിംഗ് പര്യവേക്ഷണം

ശ്രീലങ്കയിലെ കൊളംബോയിൽ നിന്നും ഈ മാസം 15-ന് ആരംഭിക്കുന്ന ഇന്ത്യ - ശ്രീലങ്ക എൻസിസി സൈക്ലിംഗ് പര്യടനത്തിന് മുന്നോടിയായുള്ള സംയുക്ത പരിശീലനം കരുനാഗപ്പള്ളിയിലെ വള്ളിക്കാവിൽ തുടങ്ങി. ഇന്ത്യയിലും ശ്രീലങ്കയിലും നിന്നുള്ള എൻ.സി.സി കേഡറ്റുകൾ പങ്കെടുക്കുന്ന 13 ദിവസത്തെ തീവ്ര സംയുക്ത പരിശീലന പരിപാടി നവംബർ 13 വരെ നീളും .

****

വെട്ടുകാട് തിരുനാൾ

തിരുവനന്തപുരം വെട്ടുകാട് ദേവാലയത്തിലെ തിരുനാൾ മഹോത്സവവുമായി ബന്ധപ്പെട്ട് നഗരത്തിലും തീരദേശ മേഖലകളിലും ലഹരി പരിശോധനയും എക്സൈസ് നിരീക്ഷണവും കർശനമാക്കാൻ നിർദ്ദേശം നൽകി മന്ത്രി സി.പി ജോൺ . വെട്ടുകാട് മരിയൻ ഹാളിൽ ചേർന്ന യോഗത്തിലാണ് സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ നൽകിയത്.

****

മുറസു ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട മുറസു ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ ശക്തികുറഞ്ഞ് അതിതീവ്ര ന്യൂനമർദ്ദമായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രാപ്രദേശിലെ നെല്ലൂരിനും നരസാപുരത്തിനും ഇടയിൽ ഇന്ന് പുലർച്ചെയോടെയാണ് ചുഴലിക്കാറ്റ് തീരം തൊട്ടത്. ആന്ധ്രാപ്രദേശിൻറെ തീരദേശജില്ലകളിലും, ഒഡീഷയുടെ വിവിധ മേഖലകളിലും കനത്ത

PUTTVPM

മഴയും ശക്തമായ കാറ്റും തുടരുകയാണ്. അപകടസാധ്യതയുള്ള മേഖലകളിൽ നിന്നും ജനങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി.

****

മുറസു -വിദ്യാർത്ഥികൾ

മുറസു ചുഴലിക്കാറ്റിനെ തുടർന്ന് തെലങ്കാനയിലെ സെക്കന്തരാബാദിൽ കുടുങ്ങിയ ഇടുക്കി സേനാപതിയിലെ മാർ ബേസിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടുന്ന 91 അംഗ സംഘത്തെ സുരക്ഷിതമായി നാട്ടിലെത്തിക്കുമെന്ന് നോർക്ക അറിയിച്ചു. ഇക്കഴിഞ്ഞ 31 നാണ് സംഘം പഠനയാത്രയ്ക്കായി ട്രെയിൻ മാർഗ്ഗം സെക്കന്തരാബാദിലേയ്ക്ക് പോയത്.

****

മഴ

സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും നാളെ കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല. എന്നാൽ ബംഗാൾ ഉൾക്കടലിൽ ഇന്നും നാളെയും യാതൊരു കാരണവശാലും മൽസ്യബന്ധനത്തിനായി പോകാൻ പാടുള്ളതല്ല.

****

ക്രിക്കറ്റ്

ഇന്ത്യ-ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം . ഓക്‌ലൻഡിലെ ഈഡൻ പാർക്കിൽ ഇന്ത്യൻ സമയം രാവിലെ 7.30-നാണ് മത്സരം .അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

****

ലക്ഷദ്വീപ് സ്കൂൾ ഗെയിംസ്

35 -ാമത് ലക്ഷദ്വീപ് സ്കൂൾ ഗെയിംസിന് കൽപ്പനി ദ്വീപിൽ തുടക്കമായി. വിദ്യാഭ്യാസ-കായിക യുവജനകാര്യ വകുപ്പ്

PNU TVPM

സെക്രട്ടറി ജിതേന്ദർ യാദവ് ഉദ്ഘാടനം ചെയ്തു. 10 ദിവസം നീണ്ട് നിൽക്കുന്ന മേളയിൽ 10 ദ്വീപുകളിൽ നിന്നായി 600 ലധികം വിദ്യാത്ഥികൾ പങ്കെടുക്കുന്നുണ്ട്. ആദ്യ 50 ഇനങ്ങൾ അവസാനിക്കുമ്പോൾ അന്ത്രോത്ത് ദ്വീപ് ഒന്നാം സ്ഥാനത്തും അഗത്തി ദ്വീപ് രണ്ടാമതും കവരത്തി ദ്വീപ് മുന്നാം സ്ഥാനത്തും തുടരുന്നു.

****

ഓഹരി /സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,225 പോയൻറും നിഫ്റ്റി 370 പോയിൻറും നേട്ടത്തിൽ വ്യാപാരം അവസാനിഷിച്ചു.

സ്വർണ്ണവില കൂടി. പവന് 200 രൂപ വർധിച്ച് ഒരു ലക്ഷത്തി 2,400 രൂപയും ഗ്രാമിന് 12,800 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

****

****

***